**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 683** **08-10-2024 - ൽ മറുപടിയ്ക്ക്**

**പ്രതിമാസ ബില്ലിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി ഉപഭോക്താക്കൾക്ക് പ്രതിമാസം ബില്ല് നല്കുന്നതിനുള്ള പരിഷ്കാര നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ചട്ടം 2(18) പ്രകാരം സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകുന്നതിനുള്ള കാലാവധി നിശ്ചയിക്കേണ്ടത് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്. നിലവിൽ സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് പ്രതിമാസ ബില്ല് നൽകുവാനുള്ള (ഇപ്പോൾ ദ്വൈമാസ ബില്ല് നൽകുന്ന ഉപഭോക്താക്കൾക്ക്) നിർദ്ദേശങ്ങൾ ഒന്നും ഇതുവരെ റെഗുലേറ്ററി കമ്മീഷൻ നൽകിയിട്ടില്ല. കെ.എസ്.ഇ.ബി. ലിമിറ്റഡ് സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് പരിഷ്കരണത്തിനായി സമർപ്പിച്ച നിർദ്ദേശങ്ങളിൻമേൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നടത്തിയ തെളിവെടുപ്പിൽ ഉപഭോക്താക്കൾക്ക് പ്രതിമാസ ബില്ലുകൾ നൽകണമെന്ന ആവശ്യം ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഉപഭോക്താക്കളുടെ നിർദ്ദേശങ്ങൾ എല്ലാം റെഗുലേറ്ററി കമ്മീഷൻ പരിഗണിച്ചാണ് താരിഫ് ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. ദ്വൈമാസ ബില്ലിംഗിന് പകരം പ്രതിമാസ ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്താനുള്ള സാധ്യത കെ.എസ്.ഇ.ബി.എൽ-ഉം പരിശോധിക്കുന്നുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ചട്ടം 2(18) പ്രകാരം സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകുന്നതിനുള്ള കാലാവധി നിശ്ചയിക്കേണ്ടത് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്. നിലവിൽ സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് പ്രതിമാസ ബില്ല് നൽകുവാനുള്ള (ഇപ്പോൾ ദ്വൈമാസ ബില്ല് നൽകുന്ന ഉപഭോക്താക്കൾക്ക്) |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ ഒന്നും ഇതുവരെ റെഗുലേറ്ററി കമ്മീഷൻ നൽകിയിട്ടില്ല. കെ.എസ്.ഇ.ബി. ലിമിറ്റഡ് സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് പരിഷ്കരണത്തിനായി സമർപ്പിച്ച നിർദ്ദേശങ്ങളിൻമേൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നടത്തിയ തെളിവെടുപ്പിൽ ഉപഭോക്താക്കൾക്ക് പ്രതിമാസ ബില്ലുകൾ നൽകണമെന്ന ആവശ്യം ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഉപഭോക്താക്കളുടെ നിർദ്ദേശങ്ങൾ എല്ലാം റെഗുലേറ്ററി കമ്മീഷൻ പരിഗണിച്ചാണ് താരിഫ് ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. ദ്വൈമാസ ബില്ലിംഗിന് പകരം പ്രതിമാസ ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്താനുള്ള സാധ്യത കെ.എസ്.ഇ.ബി.എൽ-ഉം പരിശോധിക്കുന്നുണ്ട്. |
| (സി) | ബില്ലിംഗിനായി ക്യൂ.ആർ.കോഡ് സ്കാനിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി) | ബില്ലിംഗിനായി ക്യൂ.ആർ.-കോഡ് സ്കാനിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ നടപ്പിലാക്കി വരുന്നു. |
| (ഡി) | വൈദ്യുതി ഉല്പാദനത്തിന്റെ കുറവ് മൂലം കഴിഞ്ഞ മൂന്നു വർഷക്കാലം എത്ര മെഗാ വാട്ട് വൈദ്യുതി പുറത്തു നിന്നും സംസ്ഥാനം വാങ്ങിയിട്ടുണ്ടെന്നും, ഇതിനായി ഓരോ വർഷവും ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കുമോ? | (ഡി) | കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷത്തിൽ വൈദ്യുതി വാങ്ങുന്നതിലേക്കായി ചെലവാക്കിയ മൊത്തം തുകയുടെ വിവരങ്ങൾ **അനുബന്ധമായി** ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷത്തിൽ വൈദ്യുതി വാങ്ങുന്നതിലേക്കായി ചെലവാക്കിയ മൊത്തം തുകയുടെ വിവരങ്ങൾ**

| വർഷം | പുറത്തു നിന്നും വാങ്ങിയ വൈദ്യുതി ദശലക്ഷം യൂണിറ്റിൽ | വൈദ്യുതി വാങ്ങുന്നതിലേക്കായി ചെലവാക്കിയ തുക (കോടി രൂപയിൽ) |
|---|---|---|
| 2021-22 | 18834 | 8532.16 |
| 2022-23 | 21646 | 11240.62 |
| 2023-24 | 24078 | 12982.59 |

**സെക്ഷൻ ഓഫീസർ**